**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2016.** 16.08.2017 ൽ മറുപടിക്ക്

## കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.പി.കെ.ബഷീർ :** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി )** |
| (എ) | 2017-18 ബജറ്റിൽ 1000 കോടി രൂപ വകയിരുത്തിയ കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് സംവിധാനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ് വർക്ക് സംവിധാനം നടപ്പിലാക്കുന്നതിന് 18.05.2017-ൽ 1028.26 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഐ.ടി.മിഷൻ ടെക്നിക്കൽ കൺസൽട്ടന്റിനെ നിയമിക്കുകയും പദ്ധതിരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനായി പ്രോജക്റ്റ് റിപ്പോർട്ട് KIIFB-ലേക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്നും വ്യക്തമാക്കുമോ? | (ബി) | കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ് വർക്കിലൂടെ ഒരു സംസ്ഥാനതല ഒപ്റ്റിക്കൽ ഫൈബർ ശൃംഖല രൂപീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതി യിലൂടെ സംസ്ഥാനത്തെ 30,000-ത്തോളം വരുന്ന സർക്കാർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഒപ്റ്റിക്കൽ ഫൈബർ കണക്റ്റിവിറ്റി നൽകുവാൻ സാധിക്കും. കൂടാതെ ടെലികോം/ഇന്റർനെറ്റ് സേവന ദാതാക്കൾക്ക് ഈ നെറ്റ് വർക്കിലൂടെ വിവിധ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുവാൻ സാധിക്കും. 20 ലക്ഷത്തോളം വരുന്ന പാവപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതി നടപ്പാക്കുവാൻ വേണ്ടിയുള്ള നടപടി ക്രമങ്ങൾ ആരംഭിക്കുന്നതാണ്. ഉദ്ദേശം 2 വർഷത്തിനുള്ളിൽ പദ്ധതി പ്രാവർത്തികമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ